ആളില്ലാത്തതിനാൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും നിയമനം നടത്തുന്നുണ്ട്. കെ.എൽ.ഡി. ബോർഡിൽനിന്ന് 23 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിൽ നിലവിലുള്ള 12 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകളിൽ 6 വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകളും കെ.എൽ.ഡി. ബോർഡിനു കീഴിൽ 24 ഡോക്ടർ മാരുടെ ഒഴിവുകളും നിലവിലുണ്ട്.

(ഡി) നിലവിൽ 93 വെറ്ററിനറി സർജൻമാരുടെ തസ്തിക ഒഴിവുണ്ട്. ഇതിൽ 30 തസ്തികകൾ നിറുത്തലാക്കിയവയാണ്. അപ്രകാരം മൃഗസംരക്ഷണ വകുപ്പിൽ 63 തസ്തികയും മിൽമയുടെ മേഖലാ യൂണിയനുകളിൽ 6 തസ്തികയും കെ.എൽ.ഡി. ബോർഡിനുകീഴിൽ 24 തസ്തികയും വീതം ഒഴിഞ്ഞു കിടക്കുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള 36 സംവരണ തസ്തികയിൽ ഉദ്യോഗാർത്ഥികൾ ഇല്ലാത്തതിനാൽ എംപ്ലോയ്മെന്റിൽനിന്നും നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.എൽ.ഡി. ബോർഡിൽ 24 വെറ്ററിനറി ഡോക്ടർമാരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(ഇ) ഹൈടെക് ഡയറി ഫാമുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(എഫ്) കെ.എൽ.ഡി. ബോർഡിനു കീഴിലുള്ള 23 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള 12 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുന്നുണ്ട്.

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിയമനം

104 (5785) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡയറി എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ 2010 മാർച്ച് 31 വരെ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു ; അങ്ങനെ റിപ്പോർട്ടു ചെയ്ത ഒഴിവുകളിൽ, ഡയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും എത്രപേരെ സ്ഥാനക്കയറ്റം നല്കി ഡി.ഇ.ഒ. മാരായി നിയമിച്ചു ; ഇങ്ങനെയുള്ള നിയമനത്തിന്റെ അനുപാതം എത്രയാണ് ; അതിന്റെ മാനദണ്ഡം എന്താണ് ;

(ബി) പ്രസ്തുത തസ്തികയിലേക്ക് സൂപ്പർന്യൂമററി ഒഴിവുകളായി എത്ര യെണ്ണം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തു ; അങ്ങനെ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നല്കി ; അവർ ആരൊക്കെയാണ് ; വിശദാംശം അറിയിക്കുമോ ;

(സി) 2011 മാർച്ച് 31-ന് പ്രസ്തുത തസ്തികയിൽ ഉണ്ടാകാനിടയുള്ള ഒഴിവുകളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചെക്ക് പോസ്റ്റുകളിൽ ഡി.ഇ.ഒ. മാരെ നിയമിക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ ; എത്ര ഒഴവുകളിലേക്കാണ് നിയമനം നടത്താൻ ഉദ്ദേശിക്കുന്നത് ; പ്രസ്തുത നിയമനത്തിനുള്ള വകുപ്പ്തല നടപടികൾ ഏതു വരെയായെന്ന് വ്യക്തമാക്കുമോ ;

(ഇ) പതിനായിരം ലിറ്റർ പാലുൽപ്പാദനശേഷിയുള്ള മിൽക് പ്രൊഡക്ഷൻ ബ്ലോക്കുകളിൽ ഡി.ഇ.ഒ. മാരെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതുവരെ യായി ; ഇത്തരത്തിൽ എത്ര ഒഴിവുകളാണ് നീക്കിവെയ്ക്കാൻ ഉദ്ദേശിക്കുന്നത് ; ഇതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ;

(എഫ്) പ്രസ്തുത നിയമനങ്ങൾ എന്നത്തേയ്ക്ക് നടത്താൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2010 മാർച്ച് 31 വരെ ഡയറി എക്സ്റ്റൻഷൻ ഓഫീസർമാരുടെ 60 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തു. അങ്ങനെ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ ഡയറിഫാം ഇൻസ്ട്രക്ടർ തസ്തികയിൽനിന്നും ആരെയും സ്ഥാനക്കയറ്റം നൽകി ഡയറി എക്സ്റ്റൻഷൻ ഓഫീസർമാരായി നിയമിച്ചിട്ടില്ല. വകുപ്പിൽ ആകെയുള്ള ഡയറി എക്സ്റ്റൻഷൻ ഓഫീസർ തസ്തികകളിൽ പകുതിപ്പേരെ നേരിട്ടും, പകുതിപ്പേരെ പരിശീലനം നേടിയ ഡയറിഫാം ഇൻസ്ട്രക്ടർമാരിൽനിന്നും സ്ഥാനക്കയറ്റം മുഖാന്തിരവുമാണ് നിയമിക്കുന്നത്. ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ ആണ് മാനദണ്ഡം.

(ബി) സൂപ്പർന്യൂമററി ആയി 8 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. അങ്ങനെ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും 7 പേർക്ക് നിയമനം നൽകി. അവരുടെ പേര് ചുവടെ ചേർക്കുന്നു :

1. ശ്രീമതി പി. രമ്യ, പനമ്പള്ളി ഹൗസ്, കൊട്ടനെല്ലൂർ പി.ഒ., തൃശ്ശൂർ - 680672
2. ശ്രീമതി ഒ. ബി. മഞ്ജു, പുതുക്കുളത്ത് ഹൗസ്, ഈസ്റ്റ് കല്ലട, കൊല്ലം - 691502.
3. ശ്രീമതി വി. ജെ. റീന, വടക്കൻ ഹൗസ്, തലക്കോട്ടുകര, തൃശ്ശൂർ - 680501.
4. ശ്രീമതി കല്യാണി നായർ, ഗീതിക, അതിയാമ്പൂർ, കാഞ്ഞങ്ങാട്, കാസർഗോഡ് - 671315.
5. ശ്രീമതി ജിസ ജോസഫ്, ഞാറയ്ക്കൽ, എലിക്കുളം, കോട്ടയം - 686577.
6. ശ്രീമതി രാജിരാജൻ, മഴുവൻചേരി ഹൗസ്, ജഗതി, തൈക്കാട്, തിരുവനന്തപുരം - 14.
7. ശ്രീ. എം. കെ. ജയദേവൻ, മാമ്പലേത്ത്, മമ്മലശ്ശേരി, രാമമംഗലം, എറണാകുളം - 686663.

LIBRARY ARCHIVES Kerala Legislative Assembly

(സി) 6 (ആറ് ഒഴിവുകൾ)

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) & (എഫ്) ഇത്തരമൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

ആട് ഗ്രാമം പദ്ധതി നടപ്പിലാക്കാൻ നടപടി

105 (5786) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഗ്രാമം നിറയെ കോഴികൾ' പദ്ധതി എത്ര ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കി എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിക്കുവേണ്ടി എത്ര രൂപ ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ ;

(സി) ഗുണമേന്മയുള്ള മാംസം സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കുന്നതിന് ആട് ഗ്രാമം പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 'ഗ്രാമം നിറയെ കോഴികൾ' പദ്ധതി ആദ്യഘട്ടത്തിൽ 20 പഞ്ചായത്തുകളിൽ നടപ്പാക്കി. രണ്ടാം ഘട്ടത്തിൽ പുതുക്കിയ പദ്ധതി (ന്യൂ വില്ലേജ് പൗൾട്രി) ഇതുവരെ 13 പഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ട്.

(ബി) 173.38 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഗുണമേന്മയുള്ള ആട്ടിറച്ചി ലഭ്യമാക്കാൻ വേണ്ടി അട്ടപ്പാടി ബ്ലോക്ക്, മലബാറി ഗോട്സ് കൂടാതെ ആസ്ത്രേലിയൻ ആട് എന്നീ ഇനങ്ങൾ കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ വിതരണം ചെയ്യാനുള്ള പദ്ധതിക്ക് രൂപം നൽകി വരുന്നു.

ഇറച്ചിക്കോഴി ഉൽപ്പാദനം

106 (5787) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇറച്ചിക്കോഴിയുടെ ആവശ്യം മാസത്തിൽ ശരാശരി എത്ര കിലോ വരും എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) കേരളത്തിലെ ഉൽപ്പാദനം മാസത്തിൽ ശരാശരി എത്ര കിലോ വരുമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly